**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1633** **11-10-2024 - ൽ മറുപടിയ്ക്ക്**

**ജൈവ കാർഷിക ഉല്പന്നങ്ങൾക്ക് ബ്രാൻഡിംഗും മാർക്കറ്റിംഗും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ജൈവ കാർഷിക ഉല്പന്നങ്ങൾക്ക് ബ്രാൻഡിംഗും മെച്ചപ്പെട്ട മാർക്കറ്റിംഗും ഉറപ്പാക്കുന്നതിന് ഉദ്ദേശമുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ജൈവ കാർഷിക ഉല്പന്നങ്ങൾക്ക് ബ്രാൻഡിംഗും മെച്ചപ്പെട്ട വിപണിയും ഉറപ്പാക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള കൃഷിക്കൂട്ടങ്ങളുടെ **Safe to eat , Organic** ഉല്പന്നങ്ങൾക്ക് സാക്ഷ്യപ്പെടുത്തൽ നൽകി **'KERALAGRO – Green' 'KERALAGRO – Organic',** എന്നീ ബ്രാൻഡുകൾ നിലവിൽ KERALAGRO യുടെ ഷോപ്പുകളിലൂടെ വിപണിയിൽ ലഭ്യമാണ്.<br><br>കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭരതീയ പ്രകൃതിക് കൃഷി പദ്ധതിയിലെ ക്ലസ്റ്ററിൽ പൂർണ്ണമായും ജൈവ കൃഷി രീതിയിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ 'PGS (Participatory Guarantee System) INDIA-ORGANIC' എന്ന ബ്രാൻഡിൽ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ഉൽപന്നങ്ങൾക്ക് 10% ഇൻസെന്റീവ് നൽകുന്നു. കൂടാതെ സംസ്ഥാന സർക്കാർ നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 650 ഫാമുകൾക്ക് National Programme For Organic Production (NPOP) ജൈവ സെർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പ്രാരംഭ ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ജൈവകൃഷിയോടൊപ്പം പരിസ്ഥിതി സൗഹാർദമായ കൃഷിരീതികൾ കൂടി അവലംബിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ജൈവ കാർഷിക മിഷന്റെ ഭാഗമായി പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് കർഷകന് ലാഭകരമായ രീതിയിൽ കൃഷി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സുസ്ഥിര ജൈവ കൃഷി വികസന പദ്ധതി നടപ്പിലാക്കുന്നു. 'സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം ജൈവകൃഷിയിലൂടെ' എന്ന ആശയത്തെ കുറിച്ച് |

| | | | |
|---|---|---|---|
| | | | പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി 2020-21 സാമ്പത്തിക വർഷം മുതൽ തുടർച്ചയായ മൂന്ന് വർഷങ്ങളിലായി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തെ കർഷകർക്ക് പ്രകൃതി സൗഹൃദ കൃഷി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ബോധവൽക്കരണ മീറ്റിങ്ങുകൾ, ക്ലസ്റ്റർ മെമ്പർമാർക്കുള്ള പരിശീലന പരിപാടികൾ, കിസാൻ മേളകൾ എന്നിവ നടത്തുകയും, ജൈവ ഉല്പാദനോപാധികൾ കർഷകർക്ക് സൗജന്യമായി നൽകുന്നു. ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിന് ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ (FiG) കൾക്ക് സഹായം, തദ്ദേശിയ കാർഷിക അറിവുകളുടെ വികസനത്തിനുള്ള ആനുകൂല്യം, പാരമ്പര്യ വിത്തിനങ്ങളുടെ സംരക്ഷണം, മാതൃക കൃഷി തോട്ടങ്ങൾ എന്നിവയും നടപ്പിലാക്കുന്നു. ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം, ആകെ 164 ക്ലസ്റ്ററുകൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ